I/183632/2024

ഫയൽ നം :C1/60/2024-TC തിയതി : 22-02-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ 07/2024**

വിഷയം :- **മോട്ടോർ വാഹന വകുപ്പ് - ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ്, വാഹനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയിലെ** നടപടിക്രമങ്ങൾ - **തുടർ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സൂചന :- ഇല്ല

ഡീലർമാർക്ക് പുതുതായി ട്രേഡ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോഴും ട്രേഡ് സർട്ടിഫിക്കറ്റ് പുതുക്കുവാനുള്ള അപേക്ഷ സമർപ്പിക്കുമ്പോഴും പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കുമ്പോഴും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## A. ട്രേഡ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

i. ഡീലർമാർ ട്രേഡ് സർട്ടിഫിക്കറ്റിനു വാഹൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ വാഹന നിർ മ്മാതാക്കൾ Vahan Portal വഴി Form 16 A പ്രകാരമുള്ള Dealership Authorisation Certificate [Rule 34 of CMVR] സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ii. 'Vahan' വഴി പുതുതായി ട്രേഡ് സർട്ടിഫിക്കറ്റ് -ന് അപേക്ഷിക്കുമ്പോഴും പഴയ ട്രേഡ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കുമ്പോഴും ഫീൽഡ് ഉദ്യോഗസ്ഥർ Showroom സന്ദർശിച്ച് രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് 5 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ തീർപ്പ് കല്പിക്കാത്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

iii. ട്രേഡ് സർട്ടിഫിക്കറ്റ്-ന് അപേക്ഷിക്കുന്ന Showroom കൾ Partnership വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതാണെങ്കിൽ അതിലെ മാനേജിംഗ് പാർട്ട്ണറുടെ വിശദാംശങ്ങൾ സമർപ്പിക്കുകയാണെങ്കിൽ മറ്റ് Partner മാരുടെ വിശദാംശങ്ങൾ ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

iv. ട്രേഡ് സർട്ടിഫിക്കറ്റ് – മായി ബന്ധപ്പെട്ട് Vahan Portal - ൽ upload ചെയ്യേണ്ട രേഖകൾ **Annexure A** യിൽ ഉൾപ്പെടുത്തുന്നു. ഇതിൽ പറയാത്ത യാതൊരു വിധ രേഖകളും Trade Certificate മായി ബന്ധപ്പെട്ട് upload ചെയ്യുന്നതിന് നിർദ്ദേശിക്കുവാൻ പാടുള്ളതല്ല.

v. Managing Director, Manager എന്നിവരുടെ പേരിൽ ട്രേഡ് സർട്ടിഫിക്കറ്റ്

എടുക്കുകയാണെങ്കിൽ മേൽ വ്യക്തികളുടെ പേരിലുള്ള വ്യക്തിഗത ആധാർ [അല്ലെങ്കിൽ മറ്റെന്തെങ്കിലും തിരിച്ചറിയൽ രേഖ] നിർബന്ധമാക്കുവാൻ പാടുള്ളതല്ല. ഇതിനായി സ്ഥാപനത്തിന്റെ പേരിലുള്ള PAN / TAN പകർപ്പുകൾ മതിയാകും.

vi. പുതുതായി ട്രേഡ് സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിക്കുന്ന ഘട്ടത്തിൽ വാഹനങ്ങളുടെ വിലയും, ഫീസ്/ ടാക്സ് തുടങ്ങിയ വിശദാംശങ്ങളും പ്രദർശിപ്പിക്കണമെന്ന് നിർബന്ധിക്കുവാൻ പാടുള്ളതല്ല. എന്നാൽ show room –കൾക്ക് ട്രേഡ് സർട്ടിഫിക്കറ്റ് ലഭിച്ച് ഒരു മാസത്തിനകം തന്നെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 43 B പ്രകാരം ഓരോ തരം വാഹനത്തിന്റേയും വിലയും സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതി, രജിസ്ട്രേഷൻ ഫീസ്, മറ്റ് ഫീസ് വിശദാംശങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് വ്യക്തമായി കാണുവാൻ സാധിക്കുന്ന വിധത്തിൽ ഓരോ ഡീലർമാരും show room -കളിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ വിശദാംശങ്ങൾ പ്രദർ ശിപ്പിക്കാത്ത show room –കൾക്കെതിരെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡ് സർട്ടിഫിക്കറ്റുകൾ പുതുക്കുവാൻ അപേക്ഷ സമർപ്പിക്കുമ്പോഴും മേൽ വിശദാംശങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മാത്രമല്ല അപ്രകാരം പ്രദർശിപ്പിച്ചിട്ടുള്ള പട്ടികയുടെ കീഴ് ഭാഗത്തായി താഴെ പറയും പ്രകാരം ഒരു നിർദ്ദേശവും ബന്ധപ്പെട്ട ആർ.ടി.ഒ.യുടെ മൊബൈൽ നമ്പർ, ഓഫീസ് ഫോൺ നമ്പരും എഴുതിവയ്ക്കേണ്ടതാണ്. സബ് ഡീലർമാരും മേൽ നിർദ്ദേശം പാലിക്കാൻ ബാധ്യസ്ഥരാണ്.ഈ സർക്കുലർ പ്രാബല്യത്തിൽ വന്ന ഒരു മാസത്തിനുള്ളിൽ എല്ലാ ഡീലർഷിപ്പുകളും ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

***"മേൽ പട്ടിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ആകെ തുകയേക്കാൾ കൂടുതലായി തുക ആവശ്യപ്പെടുകയാണെങ്കിൽ താങ്കൾക്ക് താഴെ പറയുന്ന ഉദ്യോഗസ്ഥരോട് പരാതി അറിയിക്കാവുന്നതാണ്."***

vii. കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 44 പ്രകാരം ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനുള്ള അധികാരം ട്രാൻസ്പോർട്ട് കമ്മീഷണർക്കാണ്. ആയതിനാൽ ഏതെങ്കിലും ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ് Cancel ചെയ്യേണ്ടതായി വരുകയാണെങ്കിൽ ആയതിനുള്ള കാരണവും ആവശ്യമായ തെളിവുകളും ഉൾപ്പെടെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ശിപാർശ നൽകേണ്ടതാണ്.

**B. വാഹന രജിസ്ട്രേഷനുമായി** ബന്ധപ്പെട്ട **നിർദ്ദേശങ്ങൾ.**

i. പുതുതായി വാഹനം രജിസ്റ്റർ ചെയ്യാൻ "Vahan" പോർട്ടൽ വഴി അപേക്ഷ ലഭിച്ചാൽ 2

പ്രവർത്തി ദിവസത്തിനകം വാഹനത്തിനു രജിസ്ട്രേഷൻ നമ്പർ അനുവദിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.ഏതെങ്കിലും രേഖകളുടെ അഭാവത്തിൽ അപേക്ഷ നിരസിക്കേണ്ട സാഹചര്യം ഉണ്ടായാൽ അക്കാര്യം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ii. പുതുതായി വാഹനം രജിസ്റ്റർ ചെയ്യുന്നതിനായി Vahan വഴി അപേക്ഷ സമർപ്പിക്കുമ്പോൾ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 47 ൽ നിഷ്കർഷിക്കുന്ന രേഖകൾ **Annexure B** പ്രകാരം ഉൾപ്പെടുത്തുന്നു. ടി രേഖകളെക്കാൾ യാതൊരു അധിക രേഖകളും ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

iii. വാഹനം ഒരു സ്ഥാപനത്തിന്റെ സ്ഥാപനത്തിൻറെ മേധാവിയുടെ പേരിൽ രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത വ്യക്തികളുടെ വ്യക്തിഗത ആധാർ, PAN വിവരങ്ങൾ വേണമെന്ന് നിർബന്ധിക്കരുത്. എന്നാൽ ടി സ്ഥാപനങ്ങളുടെ പേരിലുള്ള PAN, TAN വിവരങ്ങൾ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

iv. വാഹനങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷയിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 47(1)(m) പ്രകാരം Nominee വയ്ക്കണമെന്ന് നിർബന്ധമില്ല. Nominee-യുടെ പേര് വയ്ക്കുകയാണെങ്കിൽ മാത്രമെ ടി നോമിനിയുടെ Identity proof ആവശ്യപ്പെടുവാൻ പാടുള്ളൂ.

v. അന്യസംസ്ഥാനത്ത് സ്ഥിര മേൽവിലാസമുള്ളതും സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികൾക്ക് വാഹനം രജിസ്റ്റർ ചെയ്യുന്നതിന് സ്ഥിര മേൽവിലാസം തെളിയിക്കുന്നതിന് Aadhar ന്റെ പകർപ്പിനോടൊപ്പം താൽക്കാലിക മേൽവിലാസം തെളിയിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കുകയാണെങ്കിൽ ടി അപേക്ഷകളിൽ രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണ്

   a. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓഫീസ് തിരിച്ചറിയൽ കാർഡ് [ തസ്തിക,വിലാസം, നൽകിയ തീയതി രേഖപ്പെടുത്തിയത്], അല്ലെങ്കിൽ ഓഫീസ് മേധാവിയുടെ സർട്ടിഫിക്കറ്റ്.

   b. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്ഥാപനത്തിലെ Letter pad ൽ [Letter pad ൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ഉണ്ടായിരിക്കണം] ഉള്ള സർട്ടിഫിക്കറ്റിനോടൊപ്പം ജീവനക്കാരുടെ Salary Certificate/Pay Slip ഹാജരാക്കേണ്ടതാണ്

മേൽ നിർദ്ദേശങ്ങൾ 01/03/2024 മുതൽ നിലവിൽ വരുന്നതാണ്.

Signed by
S Sreejith I P S
Date: 22-02-2024 09:44:09

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ചെക്ക്പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും.

# ANNEXURE A

**(For the purpose of Trade Certificate)**

i. Application for Trade Certificate in form 16.
ii. Dealer Authorization Certificate in from 16 A. (Appoint as authorized dealer by the manufacturer)
iii. Fee specified in Rule 81 of CMVR.
iv. For additional trade registration mark, application in form 17 A accompanied by the fee specified in Rule 81.
v. Proof of Aadhar of the applicant/applicant's firm.
vi. Constitution of the firm.
vii. Undertaking/self declaration form. [ for delivery only registered vehicles and also for compliance of Rule 33 to Rule 44]
viii. Status of ownership of business premises with documentary proof.
ix. Tax payer identification number [GST] or any other document.
x. Photograph of show room/ workshop.

## ANNEXURE B

**(for the purpose of Registration)**

i. Form 20 (Application for Registration)
ii. Sale Certificate in form 21 issued by dealer/manufacturer.
iii. Valid insurance certificate.
iv. Design approval proceeding issued by the State Transport Authority for the Registration of Trailer. (other than category T)
v. Proof of address specified in Rule 4 of CMVR.
vi. Temporary Registration Certificate if required.
vii. Road worthiness certificate in form 22 from the manufacturer, form 22 A from the body builder and form 22 B from the bus body structure fabricator if required .
viii. Customs clearance certificate, DGFT clearance in the case of imported

vehicles along with the license if any.

ix. Appropriate fee specified in Rule 81 and other fees and tax/green tax if required.
x. Proof of fitment of FASTAG specified in Rule 138A of CMVR.
xi. Proof of fitment of VLTD for public service vehicles and Goods vehicles.
xii. Proof of legal presence in India in addition to proof of residence in case of foreigners.
xiii. Proof of identity of nominees, in case nominee is mentioned.
xiv. Certificate of Deposit ( if required)
xv. Proof of fitment of speed limiting device.